**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1691** **19-09-2025 - ൽ മറുപടിയ്ക്ക്**

**ചാലക്കുടി ട്രാംവേ റെയിൽ മ്യൂസിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി)** | |
| (എ) | ചാലക്കുടിയിൽ ട്രാംവേ റെയിൽ മ്യൂസിയം സജ്ജീകരിക്കുന്ന പ്രവൃത്തിയുടെ മെല്ലെപ്പോക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതുമറികടക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ; | (എ) | ഉണ്ട്. “ചാലക്കുടി ട്രാംവേ മ്യൂസിയം സ്ഥാപിക്കൽ” എന്ന പ്രവൃത്തി ചെയ്യുന്നതിനായി സ്ഥലവും കെട്ടിടവും കൈമാറി ലഭിക്കുവാൻ കാലതാമസം നേരിട്ടതാണ് പ്രവൃത്തി ആരംഭിക്കുന്നതിന് താമസം നേരിടാൻ കാരണമായത്.<br>നിലവിൽ ആദ്യഘട്ടമായി മ്യൂസിയം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ അറ്റകുറ്റപ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മ്യൂസിയം സജ്ജീകരണത്തിന്റെ അനന്തരനടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | മ്യൂസിയം സജ്ജീകരിക്കുന്ന കെട്ടിടത്തിന്റെ അറ്റകുറ്റ പ്രവൃത്തികൾ എന്നാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | ഫൈനൽ ബില്ലിലെ അവസാന മെഷർമെൻറ് തീയതി അനുസരിച്ച് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത് 27-03-2024 നാണ്. |
| (സി) | പദ്ധതിയുടെ ഭാഗമായി നാളിതുവരെ ഉണ്ടായ ചെലവുകളുടെ വിശദാംശം ലഭ്യമാക്കാമോ; | (സി) | നിർദ്ദിഷ്ട മ്യൂസിയം കെട്ടിടത്തിന്റെ അറ്റകുറ്റപ്രവൃത്തികൾ ചെയ്യുന്നതിനായി ആകെ 49,94,526/- രൂപ പുരാവസ്തുവകുപ്പ് ചെലവഴിച്ചിട്ടുണ്ട്. |
| (ഡി) | മ്യൂസിയം സജ്ജീകരണത്തിനായി ലഭ്യമായ ഫണ്ട് സംബന്ധിച്ച വിശദാംശം നൽകാമോ; | (ഡി) | സർക്കാർ ഉത്തരവ് (സാധാ) നം. 374/2020/ സാം.ക.വ തീയതി 29.09.2020 പ്രകാരം ചാലക്കുടിയിൽ ട്രാംവേ മ്യൂസിയം സജ്ജീകരിക്കുന്നതിന് 142 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിരുന്നു. വകുപ്പ് സമർപ്പിച്ച പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ 4202-കാപ്പിറ്റൽ ഔട്ട് ലേ ഓൺ എഡ്യൂക്കേഷൻ സ്പോർട്സ് ആർട്സ് ആന്റ് കൾച്ചർ - 04 - ആർട്ട് ആന്റ് കൾച്ചർ - 800 - അദർ എക്സ്പന്റിച്ചർ - 91 - സെറ്റിംഗ് അപ്പ് ഓഫ് ട്രാംവേ മ്യൂസിയം അറ്റ് ചാലക്കുടി എന്ന ശീർഷകത്തിൽ നാളിതുവരെ 49,95,000/- രൂപ അനുവദിച്ചിട്ടുണ്ട്. |
| (ഇ) | ഫണ്ട് ആവശ്യപ്പെട്ടുകൊണ്ട് നാളിതുവരെ നടത്തിയ എല്ലാ കത്തിടപാടുകളുടെയും പകർപ്പ് ലഭ്യമാക്കാമോ; | (ഇ) | അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (എഫ്) | മ്യൂസിയം എന്നത്തേക്ക് യാഥാർത്ഥ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (എഫ്) | മ്യൂസിയം സജ്ജീകരണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**"ഭരണഭാഷ മാതൃഭാഷ"**

പുരാവസ്തു വകുപ്പദ്ധ്യക്ഷ കാര്യാലയം
സുന്ദരവിലാസം കൊട്ടാരം
തിരുവനന്തപുരം - 23
ഫോൺ/ഫാക്സ്:0471-2577465
ഇ-മെയിൽ: director.arch@kerala.gov.in
വെബ് സൈറ്റ്: archaeology.kerala.gov.in
തീയതി: **16/12/2019**

പ്രിൻസിപ്പൽ സെക്രട്ടറി
പുരാവസ്തു പുരാരേഖ മ്യൂസിയം വകുപ്പ്
തിരുവനന്തപുരം.

സർ,

വിഷയം: പുരാവസ്തു വകുപ്പ് -ചാലക്കുടി ട്രാംവേ മ്യൂസിയം സജ്ജീകരിക്കുന്നത് - സംബന്ധിച്ച്

സൂചന: G.O (Rt) No.514/2019/WRD dt:19-07-2019

സൂചന പ്രകാരം പുരാവസ്തു വകുപ്പിന് കൈമാറ്റി കിട്ടിയ സ്ഥലത്ത് ചാലക്കുടി ട്രാംവേ മ്യൂസിയം സജ്ജീകരിക്കുന്നതിനാവശ്യമായ പാശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനായി 50 ലക്ഷം രൂപ മതിപ്പ് ചെലവ് പ്രതീകഷിക്കുന്ന ഒരു എസ്റ്റിമേറ്റ് പുരാവസ്തു വകുപ്പിലെ structural conservation wing തയ്യാറാക്കി ബഹു.എം.എൽ.എ ശ്രീ.ബി.ഡി. ദേവസ്സി അവർകൾക്ക് സമർപ്പിച്ചിട്ടുണ്ട്. നിലവിലുള്ള കെട്ടിടത്തിന്റെ സമഗ്രമായ അറ്റകുറ്റ പ്രവർത്തികളും , അധികമായി വേണ്ടുന്ന ചില നിർമിതികളും അടങ്ങുന്നതാണ് ടി എസ്റ്റിമേറ്റ്. നിർദ്ദിഷ്ട ചാലക്കുടി ട്രാംവേ മ്യൂസിയം കെട്ടിടം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമോ നിലവിൽ മ്യൂസിയമോ അല്ലാത്ത സ്ഥിതിക്ക് ടി പദ്ധതിയ്ക്കായി തുക ചിലവഴിക്കാൻ സാധിക്കയില്ല. ആകയാൽ ടി പ്രവർത്തി നിർവഹിക്കുന്നതിന് ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിച്ച് നൽകാൻ വേണ്ട നടപടികൾ കൈക്കൊള്ളുന്നതാണെന്ന് ബഹു.എം.എൽ.എ ശ്രീ.ബി.ഡി.ദേവസ്സി അറിയിച്ചിട്ടുണ്ട്.

ഈ വിവരങ്ങൾ അങ്ങയുടെ അറിവിലേക്കായി സമർപ്പിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ,

<u>ഉള്ളടക്കം:</u>
Estimate

ഡയറക്ടർ

Signature Not Verified
Digitally signed by SONA K R
Date: 2019.12.16 13:07:43 IST
Reason: Approved

**"ഭരണഭാഷ മാതൃഭാഷ"**

പുരാവസ്തു വകുപ്പദ്ധ്യക്ഷ കാര്യാലയം
സുന്ദരവിലാസം കൊട്ടാരം
തിരുവനന്തപുരം – 23
ഫോൺ/ഫാക്സ്:0471–2577465
ഇ–മെയിൽ: director.arch@kerala.gov.in
വെബ് സൈറ്റ്: archaeology.kerala.gov.in
തീയതി: **17/07/2020**

അഡീഷണൽ ചീഫ് സെക്രട്ടറി
പുരാവസ്തു പുരാരേഖ മ്യൂസിയം വകുപ്പ്
തിരുവനന്തപുരം

സർ,

വിഷയം: പുരാവസ്തു വകുപ്പ് – ചാലക്കുടി ട്രാംവേ മ്യൂസിയം സജ്ജീകരണം– പദ്ധതിരേഖ സമർപ്പിക്കുന്നത്– സംബന്ധിച്ച്

സൂചന: 2020–21 ലെ കേരള ബജറ്റ് VOL II (വർക്സ് )

പുരാവസ്തു വകുപ്പ് മുഖേന ചാലക്കുടിയിൽ ഒരു ട്രാംവേ മ്യൂസിയം സജ്ജീകരിക്കുന്നതിനായി സൂചന ബജറ്റ് രേഖയിൽ ക്രമനമ്പർ 268 ആയി, അടങ്കൽ തുകയായി ഒരു കോടി രൂപ വകയിരുത്തുകയും ഈ സാമ്പത്തിക വർഷത്തേക്ക് 20 ലക്ഷം രൂപ (ഇരുപത് ലക്ഷം രൂപ മാത്രം) അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ടി മ്യൂസിയം സജ്ജീകരിക്കുന്നതിനായി നിലവിൽ പുരാവസ്തു വകുപ്പിന് ലഭ്യമായിട്ടുള്ള കെട്ടിടത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും, മ്യൂസിയം ഗ്യാലറികളും അനുബന്ധ സൗകര്യങ്ങളും സജ്ജീകരിക്കുന്നതിലേയ്ക്കുമായി 142 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതി രേഖ പുരാവസ്തു വകുപ്പ് തയ്യാറാക്കിയത് സർക്കാരിലേക്ക് സമർപ്പിച്ചു കൊള്ളുന്നു.

ടി പ്രവൃത്തിക്കാവശ്യമായ തുക പുരാവസ്തു വകുപ്പിലേക്ക് അനുവദിച്ച് നൽകുന്നതിനും പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ കൈക്കൊള്ളണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ഉള്ളടക്കം.</u>
പദ്ധതി രേഖ

വിശ്വസ്തതയോടെ,

Signature Not Verified
Digitally signed by E DINESAN
Date: 2020.07.21 11:37:49 IST
Reason: Approved

ഡയറക്ടർ ഇൻ ചാർജ്

"**ഭരണഭാഷ മാതൃഭാഷ**"

പുരാവസ്തു വകുപ്പദ്ധ്യക്ഷ കാര്യാലയം
സുന്ദരവിലാസം കൊട്ടാരം
തിരുവനന്തപുരം – 23
ഫോൺ/ഫാക്സ്:0471–2577465
ഇ–മെയിൽ: director.arch@kerala.gov.in
വെബ് സൈറ്റ്: archaeology.kerala.gov.in
തീയതി: **18/06/2021**

അഡീഷണൽ ചീഫ് സെക്രട്ടറി
പുരാവസ്തു പുരാരേഖ മ്യൂസിയം വകുപ്പ്
തിരുവനന്തപുരം

സർ,

വിഷയം: പുരാവസ്തു വകുപ്പ് – ചാലക്കുടി ട്രാംവേ മ്യൂസിയത്തിന്റെ സജ്ജീകരണ പ്രവർത്തനങ്ങൾ– സംസ്ഥാന ബജറ്റിൽ നിർദ്ദേശിക്കപ്പെട്ട തുക – പുരാവസ്തു വകുപ്പിലേക്ക് അനുവദിച്ച് നൽകുന്നത് – സംബന്ധിച്ച്

സൂചന: 1) 2020–21 ലെ കേരള ബജറ്റ് VOL II (വർക്സ്)
2) സ.ഉ.(സാധാ)നം.374/2021/സാം.കാ.വ തീയതി.17–02–2021

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

സൂചന (1) ബജറ്റ് രേഖയിൽ, ക്രമനമ്പർ 268 ആയി **ചാലക്കുടി ട്രാംവേ മ്യൂസിയത്തിന്റെ സജ്ജീകരണ പ്രവർത്തനങ്ങൾ** ചെയ്യുന്നതിനായി 1,42,00,000/– (ഒരു കോടി നാല്പത്തിരണ്ട് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി സൂചന (2) സർക്കാർ ഉത്തരവ് പ്രകാരം 4202–Capital outlay on Education, Sports Art & Culture 04–Art& Culture–800–Other Expenditure–91–Setting up of Tramway Museum @ Chalakkudi എന്ന ശീർഷകത്തിൽ അനുവദിച്ചിരുന്നു . ട്രാംവേ മ്യൂസിയം സജ്ജീകരിക്കുന്ന കെട്ടിടത്തിന്റെ അറ്റകുറ്റ പ്രവൃത്തികൾ ഉടനടി ആരംഭിക്കുന്നതിനാലും, മ്യൂസിയം സജ്ജീകരണത്തിനായുള്ള ഒന്നാം ഗഡു തുക നോഡൽ ഏജൻസിയായ കേരളം മ്യൂസിയത്തിനു കൈമാറേണ്ടതിനാലും ടി തുക പുരാവസ്തു വകുപ്പിലേക്ക് അനുവദിച്ച് നൽകേണ്ടുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

Signature Not Verified
Digitally signed by E Dinesan
Date: 2021.06.18 16:47:22 IST
Reason: Approved

ഡയറക്ടർ

"**ഭരണഭാഷ മാതൃഭാഷ**"

പുരാവസ്തു വകുപ്പദ്ധ്യക്ഷ കാര്യാലയം
സുന്ദരവിലാസം കൊട്ടാരം
തിരുവനന്തപുരം – 23
ഫോൺ/ഫാക്സ്:0471–2577465
ഇ–മെയിൽ: director.arch@kerala.gov.in
വെബ് സൈറ്റ്: archaeology.kerala.gov.in
തീയതി: **05/11/2021**

അഡീഷണൽ ചീഫ് സെക്രട്ടറി
പുരാവസ്തു പുരാരേഖ മ്യൂസിയം വകുപ്പ്
തിരുവനന്തപുരം

സർ,

വിഷയം: പുരാവസ്തു വകുപ്പ് – ചാലക്കുടി ട്രാംവേ മ്യൂസിയത്തിന്റെ സജ്ജീകരണവുമായി ബന്ധപ്പെട്ട് ആദ്യ ഗഡുവായി ആവശ്യമുള്ള തുക അനുവദിക്കുന്നത് – സംബന്ധിച്ച്

സൂചന: 1) നമ്പർ.179/ബി1/2021–സാം.കാ.വ തീയതി.28–09–2021 നമ്പർ പ്രകാരം സർക്കാരിൽ നിന്നുള്ള കത്ത്.
2) സ.ഉ(സാധാ)നം.374/2020/സാം.കാ.വ തീയതി.29–09–2020.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

ചാലക്കുടി ട്രാംവേ മ്യൂസിയത്തിന്റെ സജ്ജീകരണവുമായി ബന്ധപ്പെട്ട് ആദ്യ ഗഡുവായി ആവശ്യമുള്ള തുക വ്യക്തമാക്കുവാൻ സൂചന (1) പ്രകാരം ആവശ്യപ്പെട്ടിരുന്നു. മ്യൂസിയം സജ്ജീകരണ പ്രവൃത്തികൾക്കായി 142 ലക്ഷം രൂപയുടെ ഭരണാനുമതി സർക്കാരിൽ നിന്നും സൂചന (2) പ്രകാരം ലഭ്യമായിട്ടുണ്ട്. മ്യൂസിയം സജ്ജീകരണ പ്രവൃത്തികൾക്കായി നോഡൽ ഏജൻസി ആയ കേരളം ചരിത്രപൈതൃക മ്യൂസിയത്തിനു കരാർ പ്രകാരം 20% തുക മുൻകൂർ ആയി നൽകേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ ആദ്യ ഗഡുവായി ഭരണാനുമതി തുകയായ 1,42,00,000/– രൂപയുടെ 20% തുകയായ 28,40,000/– രൂപ അനുവദിച്ചു നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

ഡയറക്ടർ

Signature Not Verified
Digitally signed by E Dinesan
Date: 2021.11.05 19:44:48 IST
Reason: Approved

I/23163/2024

**"ഭരണഭാഷ മാതൃഭാഷ"**

**കേരള പുരാവസ്തു വകുപ്പദ്ധ്യക്ഷന്റെ ഔദ്യോഗിക നടപടിക്രമങ്ങൾ**
**തിരുവനന്തപുരം – 23**

വിഷയം: പുരാവസ്തു വകുപ്പ് – "ചാലക്കുടിയിൽ ട്രാംവേ മ്യൂസിയം സ്ഥാപിക്കൽ" - CC I$^{st}$ & part bill പ്രകാരമുള്ള തുക കരാറുകാരന് അനുവദിച്ച് ഉത്തരവാകുന്നത് -സംബന്ധിച്ച്.

സൂചന:
1. സ.ഉ(സാധാ)നം.374/2020/സാം.കാ.വ തീയതി.29-09-2020 എന്ന നമ്പർ പ്രകാരമുള്ള സർക്കാർ ഉത്തരവ്.
2. ARCDA/1453/2019-A9 Dt:10-07-2023 എന്ന നമ്പർ പ്രകാരമുള്ള പ്രവൃത്തി ഉത്തരവ്.
3. 16-01-2024 ലെ കൺസർവേഷൻ എൻജിനീയറുടെ ബിൽ സമർപ്പണം.
4. 24/3/2023 ലെ G.O.(P) 27/2023/FIN ഉത്തരവ്.

**<u>ഉത്തരവ് നമ്പർ – ARCDA/1453/2019-A9 തീയതി: 02-05-2024</u>**

"ചാലക്കുടിയിൽ ട്രാംവേ മ്യൂസിയം സ്ഥാപിക്കൽ" എന്ന പ്രവൃത്തിക്കായി സൂചന (1) പ്രകാരം 1,42,00,000/- രൂപയുടെ ഭരണാനുമതി ലഭിക്കുകയും അനന്തരനടപടികൾ സ്വീകരിച്ച് ശ്രീ. ടി ജി സുനോജ് എന്ന കരാറുകാരനെ തെരഞ്ഞെടുക്കുകയും സൂചന (2) പ്രകാരം പ്രവൃത്തി ഉത്തരവ് നൽകുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തികൾ നിർവഹിച്ചതിന് CC I & Part Bill തുകയായ 16,85,846/- രൂപ അനുവദിക്കുന്നതിനായി കൺസർവേഷൻ എൻജിനീയർ ആവശ്യമായ സാക്ഷ്യപ്പെടുത്തലുകൾ നടത്തി ബിൽ സമർപ്പിച്ചിരിക്കുന്നു. അധിക പ്രവൃത്തികൾ നിർവഹിച്ചതിലേക്കായി കരാറുകാരൻ സപ്ലിമെന്ററി എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുമുണ്ട്. ആയതിനാൽ സൂചന (4) ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി ചാലക്കുടി ട്രാംവേ മ്യൂസിയത്തിന്റെ സജ്ജീകരണ പ്രവൃത്തികൾ ചെയ്തതിന്റെ CC I & Part Bill തുക 16,85.846/- രൂപ (Including GST) കരാറുകാരനായ ശ്രീ. ടി.ജി സുനോജിന്റെ പേരിൽ അനുവദിക്കാവുന്നതായി കാണുന്നു.

ഈ സാഹചര്യത്തിൽ "ചാലക്കുടിയിൽ ട്രാംവേ മ്യൂസിയം സ്ഥാപിക്കൽ" പ്രവൃത്തികൾ ചെയ്തതിന്റെ CC I & Part Bill തുകയായ 14,28,683/- രൂപയുടെ 12% ജി.എസ്.ടി തുകയായ 2,57,163/- രൂപയും ഉൾപ്പെടുത്തി ആകെ 16,85,846/- രൂപ കരാറുകാരനായ ശ്രീ ടി.ജി സുനോജിന്റെ പേരിൽ അനുവദിച്ചുകൊണ്ടുത്തരവാകുന്നു. തുക ചുവടെ പറയും പ്രകാരം നൽകാവുന്നതാണ്.

| | |
|---|---|
| CC I&Part Bill | 14,28,683/- |
| Add GST 18% | 2,57,163/- |
| TOTAL | 16,85,846/- |
| Deductions | |
| Income Tax | 33,717/- |
| SGST | 14,287/- |
| CGST | 14,287/- |
| KSCWWF | 14,287/- |
| PSD | 35,717/- |
| Net Amount (contractor amount) | 15,73,551/- |

പെർഫോമൻസ് സെക്യൂരിറ്റി ഡെപ്പോസിറ്റായി വകയിരുത്തേണ്ട തുക 35,717/- രൂപ 8443-00-103-Security Deposit എന്ന ശീർഷകത്തിൽ വകയിരുത്തേണ്ടതാണ്. കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധിക്ക് നൽകേണ്ട തുകയും കരാറുകാരന് അനുവദിക്കേണ്ട തുകയും ചുവടെ പറയും പ്രകാരം നൽകേണ്ടതാണ്.

I/23163/2024

| Name&Address | A/c. No | IFSC | Name of Bank&Branch | Amount |
|---|---|---|---|---|
| സെക്രട്ടറി കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് തിരുവനന്തപുരം | 67034435345 | SBIN0070032 | State Bank of India, Poojappura Trivandrum | 14,287/- |
| ശ്രീ.റ്റി.ജി.സുനോജ്, തേവരുപറമ്പിൽ മെറ്റൽ വർക്ക്സ്, മാന്നാർ.പി.ഒ, ആലപ്പുഴ | 57015566727 | SBIN0070088 | SBI Mannar alappuzha | 15,73,551/- |

പ്രസ്തുത ചെലവിലേക്കാവശ്യമായ തുക 4202-Capital Outlay on Education, Sports, Art&Culture 04-Art&Culture-800 Other Expenditure-91-Setting up of Tramway museum at Chalakkudy എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

ഒപ്പ്
ഡയറക്ടർ
അംഗീകാരത്തോടെ
സീനിയർ സൂപ്രണ്ട്

1.അക്കൗണ്ടൻറ് ജനറൽ (എ&ഇ) കേരള തിരുവനന്തപുരം
2.എ1 സെക്ഷൻ
3.ബിൽ കോപ്പി
4.കൺസർവേഷൻ എഞ്ചിനീയർ, അദ്ധ്യക്ഷ കാര്യാലയം
5.ഫിനാൻസ് ഓഫീസർ.
6.സീനിയർ സൂപ്രണ്ട്
7.ഫയൽ
8.കരാറുകാരൻ

Signed by
Beena U K
Date: 02-05-2024 12:39:37

"ഭരണഭാഷ മാതൃഭാഷ"

**കേരള പുരാവസ്തു വകുപ്പദ്ധ്യക്ഷന്റെ ഔദ്യോഗിക നടപടിക്രമങ്ങൾ**

**തിരുവനന്തപുരം - 23**

വിഷയം: പുരാവസ്തു വകുപ്പ്– "ചാലക്കുടിയിൽ ട്രാംവേ മ്യൂസിയം സ്ഥാപിക്കൽ" - CC II & Final Bill - തുക അനുവദിച്ച് ഉത്തരവാകുന്നത് സംബന്ധിച്ച്.

സൂചന:

1. സ.ഉ(സാധാ)നം.374/2020/സാം.കാ.വ തീയതി.29-09-2020 എന്ന നമ്പർ പ്രകാരമുള്ള സർക്കാർ ഉത്തരവ്.
2. ARCDA/1453/2019-A9 Dt:10-07-2023 എന്ന നമ്പർ പ്രകാരമുള്ള പ്രവൃത്തി ഉത്തരവ്.
3. ARCDA/1453/2019-A9 Dt:02-05-2024 എന്ന നമ്പർ പ്രകാരമുള്ള CC I & PART BILL ഉത്തരവ്
4. 24-06-2024 ലെ കൺസർവേഷൻ എൻജിനീയറുടെ ബിൽ സമർപ്പണം.

**ഉത്തരവ് നമ്പർ – ARCDA/1453/2019-A9 തീയതി: 01-10-2024**

"ചാലക്കുടിയിൽ ട്രാംവേ മ്യൂസിയം സ്ഥാപിക്കൽ" എന്ന പ്രവൃത്തിക്കായി സൂചന (1) പ്രകാരം 1,42,00,000/- രൂപയുടെ ഭരണാനുമതി ലഭിക്കുകയും അനന്തരനടപടികൾ സ്വീകരിച്ച് ശ്രീ.ടി.ജി സുനോജ് എന്ന കരാറുകാരനെ തെരഞ്ഞെടുക്കുകയും സൂചന (2) പ്രകാരം പ്രവൃത്തി ഉത്തരവ് നൽകുകയും, പ്രവൃത്തികൾ ചെയ്തതിന് CC I & Part Bill തുകയായ 16,85,846/- രൂപ (Including 18% GST) കരാറുകാരനായ ശ്രീ.ടി.ജി സുനോജിന്റെ പേരിൽ സൂചന (3) പ്രകാരം അനുവദിച്ച് നൽകുകയും ചെയ്തു. തുടർന്നുള്ള പ്രവൃത്തികൾ ചെയ്തതിനായി CC II & Final Bill പ്രകാരമുള്ള തുകയായ 33,08,680/- രൂപ (Including 18% GST) അനുവദിക്കുന്നതിനായി കൺസർവേഷൻ എൻജിനീയർ ആവശ്യമായ സാക്ഷ്യപ്പെടുത്തലുകൾ നടത്തി സൂചന (4) പ്രകാരം ബിൽ സമർപ്പിച്ചിരിക്കുന്നു. കരാറുകാരൻ നിയമപ്രകാരമുള്ള സപ്ലിമെന്ററി എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുമുണ്ട്. പരിശോധിച്ചതിൽ തുക കരാറുകാരന്റെ പേരിൽ അനുവദിക്കാവുന്നതായി കാണുന്നു.

ഈ സാഹചര്യത്തിൽ CC II & Final Bill പ്രകാരമുള്ള തുകയായ 28,03,966/- രൂപയുടെ 18% ജി.എസ്.ടി തുകയായ 5,04,714/- രൂപയും ഉൾപ്പെടുത്തി ആകെ 33,08,680/- രൂപ (മുപ്പത്തി മൂന്നു ലക്ഷത്തി എട്ടായിരത്തി അറുന്നൂറ്റി എൺപത് രൂപ മാത്രം) കരാറുകാരനായ ശ്രീ ടി.ജി സുനോജിന്റെ പേരിൽ (തേവരുപറമ്പിൽ ഹൗസ്, കുരട്ടിക്കാട് മാന്നാർ പി.ഒ ആലപ്പുഴ) അനുവദിച്ചുകൊണ്ടുത്തരവാകുന്നു. തുക ചുവടെ പറയും പ്രകാരം നൽകാവുന്നതാണ്.

| | |
|---|---|
| CC II & Final Bill Amount | 28,03,966/- |
| Add GST 18% | 5,04,714/- |
| TOTAL | 33,08,680/- |
| Deductions | |
| Income Tax (2% of Bill Amount, 28,03,966/- ) | 56,079/- |
| SGST (1% of Bill Amount, 28,03,966/- ) | 28,040/- |
| CGST (1% of Bill Amount, 28,03,966/- ) | 28,040/- |
| KSCWWF (1% of Bill Amount, 28,03,966/- ) | 28,040/- |
| Net Amount (contractor) | 31,68,481/- |

കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധിക്ക് നൽകേണ്ട തുകയും കരാറുകാരന് അനുവദിക്കേണ്ട തുകയും ചുവടെ പറയും പ്രകാരം നൽകേണ്ടതാണ്.

| Name&Address | A/c. No | IFSC | Name of Bank&Branch | Amount |
|---|---|---|---|---|
| സെക്രട്ടറി കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് തിരുവനന്തപുരം | 67034435345 | SBIN0070032 | State Bank of India, Poojappura Trivandrum | 28,040/- |
| ശ്രീ.റ്റി.ജി.സുനോജ്, തേവരുപറമ്പിൽ മെറ്റൽ വർക്സ്, മാന്നാർ.പി.ഒ, ആലപ്പുഴ | 57015566727 | SBIN0070088 | SBI Mannar alappuzha | 31,68,481/- |

പ്രസ്തുത ചെലവിലേക്കാവശ്യമായ തുക 4202-Capital Outlay on Education, Sports, Art&Culture 04-Art&Culture-800 Other Expenditure-91-Setting up of Tramway museum at Chalakkudy എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

ഒപ്പ്
ഡയറക്ടർ
അംഗീകാരത്തോടെ
സീനിയർ സൂപ്രണ്ട്

1. അക്കൗണ്ടൻറ് ജനറൽ (എ&ഇ) കേരള തിരുവനന്തപുരം
2. എ1 സെക്ഷൻ
3. ബിൽ കോപ്പി
4. കൺസർവേഷൻ എഞ്ചിനീയർ, അദ്ധ്യക്ഷ കാര്യാലയം.
5. ഫിനാൻസ് ഓഫീസർ.
6. സീനിയർ സൂപ്രണ്ട്
7. ഫയൽ
8. കരാറുകാരൻ

Signed by
Beena U K
Date: 03-10-2024 11:15:16

**"ഭരണഭാഷ മാതൃഭാഷ"**

പുരാവസ്തു വകുപ്പ്

സുന്ദരവിലാസം കൊട്ടാരം
തിരുവനന്തപുരം – 23
ഫോൺ/ഫാക്സ്:0471-2577465
വെബ് സൈറ്റ്: archaeology.kerala.gov.in

<u>ARCDA/494/2024-A1</u>

തീയതി: 05-01-2025

അഡീഷണൽ ചീഫ് സെക്രട്ടറി
പുരാവസ്തു പുരാരേഖ മ്യൂസിയം വകുപ്പ്
തിരുവനന്തപുരം

സർ,

വിഷയം : പുരാവസ്തു വകുപ്പ് – ട്രാംവേ മ്യൂസിയം സജ്ജീകരിക്കുന്നത് - കെട്ടിടത്തി ന്റെ സംരക്ഷണപ്രവൃത്തികൾ പൂർത്തിയാക്കിയതിന്റെ തുക അനുവദി ക്കുന്നതിനായി - അധിക ധനാനുമതി മുഖേന തുക അനുവദിക്കുന്നത് - സംബന്ധിച്ച്

സൂചന :

1. സ.ഉ(സാധാ) നം. 374/2020/സാം.കാ.വ തീയതി 29/09/2020 നമ്പർ സർക്കാർ ഭരണാനുമതി.
2. സ.ഉ(സാധാ) നം. 8697/2024/ഫിൻ തീയതി 23/11/2024 നമ്പരായ സർക്കാർ ഉത്തരവ്.
3. ARCDA/1453/2019-A9 തീയതി: 01-10-2024 നമ്പരായ പുരാവസ്തു ഡയറക്ടറുടെ ഉത്തരവ്.

ചാലക്കുടി ട്രാം വേ മ്യൂസിയം സജ്ജീകരിക്കുന്നതിനായി 142 ലക്ഷം രൂപയുടെ ഭരണാനുമതി സൂചന 1 മുഖേന ലഭിച്ചിരുന്നു. പ്രസ്തുത പദ്ധതിയുടെ ആദ്യ ഘട്ടമായ കെട്ടിടത്തിന്റെ സംരക്ഷണ പ്രവൃത്തികളുടെ ആദ്യപാർട്ട് പൂർത്തീകരിച്ച വകയിൽ കരാറുകാരന് തുക നൽകുന്നതിനായി സൂചന 2 മുഖേന 16,86,000/- രൂപ അധിക ധനാനുമതി മഖേന അനുവദിച്ചിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ കരാറുകാരന് നൽകേണ്ട 16,85,846/- രൂപ കരാറുകാരന് നൽകിട്ടുണ്ട്. മ്യൂസിയം സജ്ജീകരണ ശീർഷകത്തിൽ നിലവിൽ 154/- രൂപ മാത്രമേ അവശേഷിക്കുന്നുള്ളൂ.

മ്യൂസിയം സ്ഥാപിക്കുവാനുദ്ദേശിക്കുന്ന കെട്ടിടത്തിന്റെ സംരക്ഷണ പ്രവൃത്തികൾ പൂർത്തിയായ സാഹചര്യത്തിൽ കരാറുകാരന് നൽകേണ്ട 33,08,680/- രൂപ സൂചന 3 പ്രകാരം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. എന്നാൽ പ്രസ്തുത ശീർഷകത്തിൽ അവശ്യമായ നീക്കിയിരിപ്പ് ഇല്ലാത്തതിനാൽ തുക അനുവദിക്കുവാൻ സാധിച്ചിട്ടില്ല.

ഈ സാഹചര്യത്തിൽ ചുവടെ സൂചിപ്പിക്കുന്ന പ്രകാരം അധിക ധനാനുമതി മുഖേന തുക അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

| ശീർഷകം | 2024-25 ബഡ്ജറ്റ് | 2024-25 അധിക ധനാമതി മുഖേന | ചെലവഴിച്ച തുക | അധികം |
|---|---|---|---|---|

| | വിഹിതം | അനുവദിച്ച തുക | | അനുവദിക്കേണ്ട തുക |
|---|---|---|---|---|
| 4202 - 04 - 800 - 91 Setting up of Tramway Museum at Chalakudy (P) | 0/- | 16,86,000/- | 16,85,846/- | 33,09,000/- |

വിശ്വസ്തതയോടെ,

ഡയറക്ടർ

Signed by
Dinesan E
Date: 05-01-2025 11:19:58

"ഭരണഭാഷ മാതൃഭാഷ"

പുരാവസ്തു വകുപ്പ്

സുന്ദരവിലാസം കൊട്ടാരം
തിരുവനന്തപുരം – 23
ഫോൺ/ഫാക്സ്:0471-2577465
email: cru.arch@kerala.gov.in

ARCDA/494/2024-A1

തീയതി: 16-10-2024

അഡീഷണൽ ചീഫ് സെക്രട്ടറി
പുരാവസ്തു പുരാരേഖ മ്യൂസിയം വകുപ്പ്
തിരുവനന്തപുരം

സർ,

വിഷയം : പുരാവസ്തു വകുപ്പ് – ബിഷപ്പ് വള്ളോപ്പിള്ളി സ്മാരക കുടിയേറ്റ മ്യൂസിയം, ചാലക്കുടി ട്രാംവേ മ്യൂസിയം - അധിക ധനാനുമതി - വിശദാംശങ്ങൾ സമർപ്പിക്കുന്നത് സംബന്ധിച്ച്

സൂചന : 1. 06/09/2024 ലെ 125/ബി1/2024-സാം.കാ.വ നമ്പരായ സർക്കാർ കത്ത്
2. 11/09/2024 ലെ ഇതേ നമ്പരായ കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ബിഷപ്പ് വള്ളോപ്പിള്ളി സ്മാരക കുടിയേറ്റ മ്യൂസിയം, ചാലക്കുടി ട്രാംവേ മ്യൂസിയം എന്നിവയ്ക്കായി സമർപ്പിച്ച അധികധനാനുമതി പ്രൊപ്പോസൽ സംബന്ധിച്ച് ധനകാര്യ വകുപ്പിൽ നിന്നും ആവശ്യപ്പെട്ട വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

29/09/2020 ലെ സ.ഉ.(സാധാ)നം.374/2020/സാം.കാ.വ നമ്പർ ഉത്തരവ് പ്രകാരം 142 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് ട്രാംവേ മ്യൂസിയത്തിന്റെ സജ്ജീകരണത്തിനായി ലഭ്യമാക്കിയിട്ടുള്ളത്(ഉത്തരവിന്റെ പകർപ്പ് ചേർക്കുന്നു). ഈ പ്രവൃത്തി രണ്ട് ഭാഗങ്ങളായാണ് നിർവ്വഹിക്കുന്നത്.

1. ട്രാംവേ മ്യൂസയം സജ്ജീകരിക്കുന്ന കെട്ടിടത്തിന്റെ അറ്റകുറ്റ സംരക്ഷണ പ്രവൃത്തികൾ - 50 ലക്ഷം രൂപ
2. മ്യൂസിയം സജ്ജീകരണം – 92 ലക്ഷം രൂപ.

ഇതിൽ ഒന്നാമത്തെ പ്രവൃത്തിയായ കെട്ടിടത്തിന്റെ അറ്റകുറ്റ സംരക്ഷണ പ്രവൃത്തികൾ വകുപ്പിന്റെ നേരിട്ടുള്ള മേൽനോട്ടത്തിലാണ് നിർവ്വഹിക്കുന്നത്. ആയതിന്റെ സാങ്കേതിക ഉത്തരവ് ഇതൊന്നിച്ച് ചേർക്കുന്നു.

രണ്ടാമത്തെ പ്രവൃത്തിയായ മ്യൂസിയം സജ്ജീകരണം സർക്കാർ നോഡൽ ഏജൻസിയായ കേരള മ്യൂസിയം മുഖേനെ നിർവ്വഹിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഈ പ്രവൃത്തിക്ക് സാങ്കേതിക അനുമതി നൽകുന്നത് കേരളം ചരിത്ര പൈതൃക മ്യൂസിയത്തിന്റെ ടെക്നിക്കൽ കമ്മറ്റിയാണ്.

ഇതിൽ കെട്ടിടത്തിന്റെ അറ്റകുറ്റ പ്രവൃത്തികളുടെ ഭാഗമായ ഒന്നാം പാർട്ട് ബിൽ തുക നൽകുന്നതിലേക്കാണ് നിലവിൽ തുക അഭ്യർത്ഥിച്ചിരിക്കുന്നത്.

02.12.2021 ലെ G.O.(Rt) No.7795/2021/Fin ആയ ഉത്തരവ് പ്രകാരം 28,40,000/- രൂപ അനുവദിച്ച് നൽകിയിരുന്നു. എന്നാൽ, കരാറുകാരൻ പണി ആരംഭിച്ചിരുന്നെങ്കിലും പി.ഡബ്ല്യൂ.ഡി മെക്കാനിക്കൽ സബ് ഡിവിഷന്റെ ഭൂമി വിട്ടുനൽകുന്നതുമായി ബന്ധപ്പെട്ടുണ്ടായ നടപടി ക്രമങ്ങൾ നീണ്ടു പോയതുകാരണം പ്രവൃത്തി തുടരാൻ കഴിഞ്ഞിരുന്നില്ല. ആയതു കാരണം മേൽ തുക വിനിയോഗിക്കാൻ കഴിഞ്ഞിരുന്നില്ല. ടി തുക 31.03.2022 ൽ സറണ്ടർ ചെയ്തിട്ടുള്ളതാണ് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).

നിലവിൽ കെട്ടിടത്തിന്റെ അറ്റകുറ്റ സംരക്ഷണ പ്രവൃത്തികൾ പൂർത്തിയായിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ഒന്നാം പാർട്ട് ബില്ല് അനുവദിക്കുന്നതിലേക്കായി അധിക ധനാനുമതി മുഖേനെ അഭ്യർത്ഥിച്ച തുക അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ചെമ്പൻതൊട്ടി ബിഷപ്പ് വള്ളോപ്പിള്ളി സ്മാരക കുടിയേറ്റ മ്യൂസിയത്തിന്റെ സജ്ജീകരണത്തിനായി അനുവദിച്ച 32,90,000/- രൂപ ചെലവഴിച്ചിട്ടുള്ളതാണ്. ആയതിന്റെ യു.സി യുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. പ്രവൃത്തി പുരോഗമിക്കുന്ന സാഹചര്യത്തിൽ 49,34,989/- രൂപ സജ്ജീകരണ പ്രവൃത്തിയുടെ ചുമതലയുള്ള നോഡൽ ഏജൻസിക്ക് നൽകേണ്ടതുണ്ട്. ഇതിനായി ഏജൻസി ലഭ്യമാക്കിയ കത്തും ഇൻവോയിസിന്റെ പകർപ്പും ഉള്ളടക്കം ചെയ്യുന്നു. ഈ പ്രവൃത്തിക്കായി 49,34,989/-രൂപ അധിക ധനാനുമതി മുഖേനെ അനുവദിക്കുന്നതിനും അഭ്യർത്ഥിക്കുന്നു.

<u>പകർപ്പ്</u>

മേൽപ്പറഞ്ഞവ

വിശ്വസ്തതയോടെ,

Signed by
Dinesan E
Date: 16-10-2024 17:36:52

ഡയറക്ടർ

"ഭരണഭാഷ മാതൃഭാഷ"

പുരാവസ്തു വകുപ്പ്

സുന്ദരവിലാസം കൊട്ടാരം
തിരുവനന്തപുരം – 23
ഫോൺ/ഫാക്സ്:0471-2577465
വെബ് സൈറ്റ്: archaeology.kerala.gov.in

ARCDA/494/2024-A1

തീയതി: 25-05-2024

സെക്രട്ടറി
പുരാവസ്തു പുരാരേഖ മ്യൂസിയം വകുപ്പ്
തിരുവനന്തപുരം

സർ,

വിഷയം : പുരാവസ്തു വകുപ്പ് – വിവിധ പദ്ധതികൾക്ക് - നടപ്പ് സാമ്പത്തിക വർഷം ചില ശീർഷകങ്ങളിൽ - അധിക ധനാനുമതി - തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ - സംബന്ധിച്ച്

സൂചന :
1. സ.ഉ(സാധാ) നം. 374/2020/സാം.കാ.വ തീയതി 29/09/2020 എന്ന നമ്പർ പ്രകാരം സർക്കാർ ഉത്തരവ്
2. സ.ഉ. (സാധാ) നം. 466/2020/സാം.കാ.വ തീയതി 21/12/2020 എന്ന നമ്പർ പ്രകാരം സർക്കാർ ഉത്തരവ്

1. ബിഷപ്പ് വള്ളോപ്പിള്ളി സ്മാരക കുടിയേറ്റ മ്യൂസിയം സ്ഥാപിക്കുന്നതിനായി കേരളം മ്യൂസിയത്തിന് 2022-23 സാമ്പത്തിക വർഷം ആദ്യ ഘട്ട തുക അനുവദിച്ചിരുന്നു. എന്നാൽ പ്രസ്തുത മ്യൂസിയം സജ്ജീകരത്തിന്റെ രണ്ടാം ഘട്ടത്തിനായി MoU പ്രകാരമുള്ള 30% തുക 49.35 ലക്ഷം രൂപ അനുവദിക്കണമെന്ന് മ്യൂസിയം സജ്ജീകരണത്തിന്റെ നോഡൽ ഏജൻസിയായ കേരളം മ്യൂസിയം ആവശ്യപ്പെട്ടിരിക്കുന്നു. 2023 - 24 സാമ്പത്തിക വർഷം തുക അനുവദിക്കുന്നിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും തുക അനുവദിച്ചിരുന്നില്ല. ആയതിനാൽ പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിലേക്കായി 2024-25 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ തുക അനുവദിച്ച് ലഭിക്കേണ്ടതുണ്ട്.
2. സൂചന 1 മുഖേന ചാലക്കുടി ട്രാംവേ മ്യൂസിയം സ്ഥാപിക്കുന്നതിനായി 142 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. പ്രസ്തുത പ്രവൃത്തികളുടെ ആദ്യ ഘട്ടം പൂർത്തിയാക്കിയതിന്റെ CC Ist & Part bill തുക ആയ 16,85,846/- രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. എന്നാൽ 2023-24 സാമ്പത്തിക വർഷവും നടപ്പ് സാമ്പത്തിക വർഷത്തിലും ബന്ധപ്പെട്ട ശീർഷകത്തിൽ തുക വകയിരുത്താത്തതിനാൽ തുക അനുവദിക്കുവാൻ കഴിഞ്ഞിരുന്നില്ല. കഴിഞ്ഞ സാമ്പത്തിക വർഷവും തുക അനുവവദിക്കുവാൻ പ്രൊപ്പോസൽ നൽകിയരുന്നെങ്കിലും തുക അനുവദിച്ചിരുന്നില്ല.

ഈ സാഹചര്യത്തിൽ മേൽപ്പറഞ്ഞ പ്രവൃത്തികൾക്കായി, ചുവടെ സൂചിപ്പിക്കുന്ന ശീർഷകങ്ങളിൽ അധിക ധനാനുമതി പ്രകാരം തുക അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

I/23519/2024

| ശീർഷകം | 2024-25 ലെ ബഡ്ജറ്റ് വിഹിതം | അധികം അനുവദിക്കേണ്ട തുക (in lakhs) |
|---|---|---|
| 4202 - 04 - 800 - 90 BVSKM (P) | 0/- | 49.35 |
| 4202 - 04 - 800 - 91 Setting up of Tramway Museum at Chalakudy (P) | 0/- | 16.86 |

വിശ്വസ്തതയോടെ,

Signed by
Dinesan E
Date: 25-05-2024 17:17:18

ഡയറക്ടർ

"ഭരണഭാഷ മാതൃഭാഷ"

പുരാവസ്തു വകുപ്പ്

സുന്ദരവിലാസം കൊട്ടാരം,
ഫോർട്ട് പി.ഒ,
തിരുവനന്തപുരം
695023
ഫോൺ: 0471-2577465
ഇ മെയിൽ: cru.arch@kerala.gov.in

ARCDA/812/2025-A1

തീയതി: 04-07-2025

അഡീഷണൽ ചീഫ് സെക്രട്ടറി
പുരാവസ്തു, പുരാരേഖ & മ്യൂസിയം വകുപ്പ്
തിരുവനന്തപുരം

സർ,

വിഷയം : പുരാവസ്തു വകുപ്പ് - 2025-26 - അധിക ധനാനുമതി - ചാലക്കുടി ട്രാംവേ മ്യൂസിയം സജ്ജീകരണം - സംബന്ധിച്ച്

സൂചന :
1. 29/09/202 ലെ സ.ഉ(സാധാ) 374/2020/സാം.കാ.വ നമ്പരായ സർക്കാർ ഭരണാനുമതി
2. കേരളം മ്യൂസിയം എക്സിക്യൂട്ടീവ് ഡയറക്ടറുടെ 30/11/2024 ലെ കെ.ഐ.എം/സി.എ/745/2018 നമ്പരായ കത്ത്

ചാലക്കുടിയിൽ ട്രാംവേ മ്യൂസിയം സജ്ജീകരിക്കുന്നതിനായി 142 ലക്ഷം രൂപയുടെ ഭരണാനുമതി സൂചന 1 മുഖേന ലഭിച്ചിരുന്നു. പ്രസ്തുത പദ്ധതിയുടെ ആദ്യ ഘട്ടമായ കെട്ടിടത്തിന്റെ സംരക്ഷണ പ്രവൃത്തികൾ പൂർത്തീകരിച്ച ആയതിലേക്കായി 49,94,526/- രൂപ ചെലവഴിച്ചിട്ടുള്ളതാണ്.

രണ്ടാം ഘട്ടമായി മ്യൂസിയം സജ്ജീകരണ പ്രവൃത്തികൾ ആരംഭിക്കേണ്ടതുണ്ട്. ആയതിനായി മ്യൂസിയം സജ്ജീകരണത്തിന്റെ നോഡൽ ഏജൻസിയായ കേരളം മ്യൂസിയത്തിന് പദ്ധതിയുടെ (92,05,474/- രൂപ) 20% തുകയായ 18,41,000/- (പതിനെട്ട് ലക്ഷത്തി നാല്പത്തിയൊന്നായിരം രൂപ) അനുവദിക്കുന്നതിന് സൂചന 2 കത്ത് മുഖേന കേരളം മ്യൂസിയം എക്സിക്യൂട്ടീവ് ഡയറക്ടർ ആവശ്യപ്പെട്ടിരിക്കുന്നു.

നിർദ്ദിഷ്ട കെട്ടിടത്തിന്റെ സംരക്ഷണ പ്രവൃത്തികൾ പൂർത്തികരിച്ച സാഹചര്യത്തിൽ മ്യൂസിയം സജ്ജീകരണ പ്രവൃത്തികൾ കാലതാമസം കൂടാതെ ആരംഭിക്കേണ്ടതുണ്ട്. പദ്ധതിയുടെ 20% തുക അനുവദിച്ചാൽ മാത്രമേ കേരളം മ്യൂസിയത്തിന് തുടർനടപടികൾ ആരംഭിക്കാൻ കഴിയുകയുള്ളൂ. നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നില്ല.

ഈ സാഹചര്യത്തിൽ ചുവടെ സൂചിപ്പിക്കുന്ന പ്രകാരം അധിക ധനാനുമതി മുഖേന 18,41,000/- രൂപ അടിയന്തിരമായി അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

| ശീർഷകം | 2025-26 സാമ്പത്തിക വർഷം ബഡ്ജറ്റിൽ അനുവദിച്ച തുക | ചെലവഴിച്ച തുക | അധിക ധനാനുമതി മുഖേനെ അനുവദിക്കേണ്ട തുക |
|---|---|---|---|
| 4202 - 04 - 800 - 91 Setting up of Tramway museum at Chalakudy (P) | 0/- | 0/- | 18,41,000/- |

<u>ഉള്ളടക്കം</u>

1. സർക്കാർ ഭരണാനുമതി
2. സൂചന (2) കത്ത്

വിശ്വസ്തതയോടെ,

Signed by
Dinesan E
Date: 04-07-2025 17:23:29

ഡയറക്ടർ